I/47357/2023

**ഭരണഭാഷ- മാതൃഭാഷ**

**സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ്**
ഡയറക്ടറേറ്റ്, വികാസ് ഭവൻ, തിരുവനന്തപുരം - 695033
ഫോൺ/ഫാക്സ് : 0471-2305318/0471-2305317
ഇ-മെയിൽ: ecostatdir@gmail.com
Website: www.ecostat.kerala.gov.in

**നം: ഡിഇഎസ്/5336/2023/ജി** **തീയതി: 14-12-2023**

---

**ഓഫീസ് ഉത്തരവ്**

വിഷയം :- ഡിഇഎസ് -ജനറൽ-ഡയറക്ടറേറ്റിലെ ടെക്നിക്കൽ കമ്മിറ്റി മീറ്റിംഗ് ന്റെ ഏകോപനവുമായി ബന്ധപെട്ട ടെക്നിക്കൽ സെക്രട്ടേറിയേറ്റ് രൂപീകരിച്ചു ഉത്തരവാകുന്നു

സൂചന :- 04-12-2023 ലെ ടെക്നിക്കൽ കമ്മിറ്റി നടപടിക്കുറുപ്പ്

മേൽ സൂചന പ്രകാരം ഡയറക്ടറേറ്റിലെ ടെക്നിക്കൽ കമ്മിറ്റിയോഗങ്ങളുടെ ഏകോപനവുമായി ബന്ധപ്പെട്ടും, കമ്മിറ്റിയിൽ കൈകൊണ്ട തീരുമാനങ്ങളുടെ തുടർ പ്രവർത്തങ്ങൾക്കുമായി ടെക്നിക്കൽ സെക്രട്ടേറിയേറ്റ് രൂപീകരിക്കാൻ നിർദ്ദേശിച്ചിട്ടുണ്ട് .

ടി സാഹചര്യത്തിൽ ടെക്നിക്കൽ കമ്മിറ്റിയുടെ, ഏകോപനത്തിനും കൈകൊണ്ട തീരുമാനങ്ങളുടെ തുടർ പ്രവർത്തങ്ങൾക്കുമായി ടെക്നിക്കൽ സെക്രട്ടറിയേറ്റ് താഴെ പറയും പ്രകാരം രൂപീകരിച്ചു ഉത്തരവ് പുറപ്പെടുവിക്കുന്നു.

ശ്രീ രാധാകൃഷ്ണപിള്ള ആർ., അസിസ്റ്റന്റ് ഡയറക്ടർ (ഇ എ ആർ എ എസ്), ശ്രീമതി ജിജി പി .കെ, റിസർച്ച് അസിസ്റ്റന്റ് (ജനറൽ ), കുമാരി അനഘ പി., റിസർച്ച് ഓഫീസർ (ലേബർ &ഹൗസിങ് ) എന്നിവർ ഉൾപെടുന്നതായിരിക്കും പ്രസ്തുത ടെക്നിക്കൽ സെക്രട്ടേറിയേറ്റ്.

മേൽ പറഞ്ഞ ഉദ്യോഗസ്ഥർ ടെക്നിക്കൽ കമ്മിറ്റി യോഗങ്ങൾക്ക് ആവശ്യമായ അജണ്ട കുറിപ്പുകൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും ശേഖരിച്ച്, പരിശോധിച്ച് മാറ്റം വരുത്തലുകൾ ആവശ്യമെങ്കിൽ ആയത് വരുത്തിയ ശേഷം യോഗത്തിനു മുമ്പായി ടെക്നിക്കൽ കമ്മിറ്റി ചെയർമാനെ ബോധ്യപ്പെടുത്തേണ്ടതും കമ്മറ്റി യോഗങ്ങളിൽ കൈകൊണ്ട തീരുമാനങ്ങളുടെ തുടർ നടപടികൾ ഏകോപിപ്പിക്കേണ്ടതും, പ്രസ്തുത തീരുമാനങ്ങൾ ബന്ധപ്പെട്ടവർ സമയബന്ധിതമായി നടപ്പിലാക്കിയിട്ടുണ്ടോ എന്ന വിവരവും പരിശോധിച്ചു ഉറപ്പുവരുത്തേണ്ടതാണ്.

Signed by
Sreekumar B
Date: 14-12-2023 17:18:37
DIRECTOR

ബന്ധപ്പെട്ട ജീവനക്കാർക്ക്

പകർപ്പ് : - ഡയറക്ടറുടെ സി എ

I/47357/2023

അഡിഷണൽ ഡയറക്ടറുടെ സി എ മാർക്കും
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ സി എ
ജോയിന്റ് ഡയറക്ടർ ,പി പി സി